**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **11-09-2023 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ച റവന്യൂ ടവറുകൾ /മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 17 റവന്യൂ ടവറുകൾക്കായി 250 കോടി രൂപയും 2016-17 ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി (10 കോടി രൂപ വീതം) 80 കോടി രൂപയും KIFB ൽ നിന്നും വകയിരുത്തുകയുണ്ടായി. പ്രസ്തുത റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും നിർമ്മാണം ആരംഭിച്ചവ/പുരോഗമിക്കുന്നവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ; | (ബി) | കടകംപള്ളി റവന്യൂ ടവറിന്റെ നിർമ്മാണവും വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. മട്ടന്നൂർ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളവ ഏതൊക്കെയെന്ന് അറിയിക്കുമോ; | (സി) | പട്ടാമ്പി, വടകര, നിലമ്പൂർ, മുളന്തുരുത്തി എന്നീ റവന്യൂ ടവറുകളുടെയും ചടയമംഗലം, പത്തനാപുരം എന്നീ മിനി സിവിൽ സ്റ്റേഷനുകളുടെയും വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവറുകൾ /മിനി സിവിൽ സ്റ്റേഷനുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷൻ പദ്ധതികൾക്കൊന്നും തന്നെ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. |
| (ഇ) | ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ? | (ഇ) | കിഴക്കേ ചാലക്കുടി വില്ലേജിൽ 293/2, 294/1 എന്നീ സർവ്വേ നമ്പറുകളിലായി 0.2253 ഹെക്ടർ ഭൂമിയിൽ ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി 24.63 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ